പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 260 **29-10-2026-ൽ മറുപടിയ്ക്ക്**

ഹയർ സെക്കണ്ടറി പ്രവേശന നടപടികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി
ശ്രീ. പി. എ. മുഹമ്മദ് റിയാസ്
ശ്രീ. പി. പി. സുമോദ്
ശ്രീ. എൻ. കെ. അക്ബർ

മറുപടി നൽകിയ മന്ത്രി

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് ഹയർ സെക്കൻഡറി പ്രവേശന നടപടികൾ ഔദ്യോഗികമായി അവസാനിച്ചതിന് ശേഷം, നിലവിലുള്ള യാതൊരു അക്കാദമിക മാനദണ്ഡങ്ങളും പാലിക്കാതെ വകുപ്പ് ഡയറക്ടറുടെ പ്രത്യേക ഉത്തരവുകൾ വഴി വ്യാപകമായി പിൻവാതിൽ പ്രവേശനം നടക്കുന്നുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ പ്രത്യേക ഉത്തരവുകൾ വഴി വ്യാപകമായി പിൻവാതിൽ പ്രവേശനം നടക്കുന്നുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉയർന്ന മാർക്ക് ലഭിച്ചിട്ടും മുൻഗണനാ ക്രമത്തിൽ ഓപ്ഷൻ നൽകിയ അർഹരായ വിദ്യാർത്ഥികൾക്ക് സീറ്റ് നിഷേധിക്കപ്പെടുമ്പോൾ, ഇത്തരം സ്പെഷ്യൽ ഓർഡറുകൾ വഴി മികച്ച സ്കൂളുകളിൽ മാത്രം പ്രവേശനം നൽകുന്നത് മെറിറ്റ് അട്ടിമറിക്കപ്പെടുന്നതിന് സമാനമാകുമെന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

മറുപടി: ചില പ്രത്യേക സാഹചര്യങ്ങളിൽ സ്കൂൾ മാറ്റത്തിനോ പ്രവേശനത്തിനോ വേണ്ടി ഔദ്യോഗികമായി ഏകജാലക പ്രവേശനം അവസാനിച്ച ശേഷം പ്രത്യേക ഉത്തരവുകൾ നൽകാറുണ്ട്. ഇത് ഏകജാലക സംവിധാനത്തിന്റെ മെറിറ്റ് പ്രവേശന പ്രക്രിയയെ അട്ടിമറിക്കുന്നെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഒരു ക്ലാസ്സിൽ പരമാവധി അനുവദനീയമായ കുട്ടികളുടെ പരിധിയും കടന്ന്, സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങളോ അടിസ്ഥാന സൗകര്യങ്ങളോ പരിശോധിക്കാതെയാണ് അധികൃതർ ഇത്തരത്തിൽ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതെന്നും ഇത് ക്ലാസ് മുറികളിലെ അധ്യയനത്തെ സാരമായി ബാധിക്കുന്നുണ്ടെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: അനുകമ്പാർഹരായ വിദ്യാർത്ഥികളുടെയോ രക്ഷകർത്താക്കളുടെയോ അപേക്ഷയിലെ വസ്തുതകൾ പരിഗണിച്ച് സ്കൂൾ അധികാരികളുടെ നിരാക്ഷേപപത്രം കൂടി പരിശോധിച്ചാണ് അനുമതി ഉത്തരവുകൾ നൽകാറുള്ളത്.

(ഡി) ഇത്തരം പ്രത്യേക ഉത്തരവുകൾക്ക് പിന്നിൽ സാമ്പത്തിക താല്പര്യങ്ങളും കോഴ ഇടപാടുകളും നടക്കുന്നുണ്ടെന്നും ഇതിന് പിന്നിൽ ചില സംഘടനകളുടെ ഇടപെടലുകൾ ഉണ്ടെന്നുമുള്ള മാധ്യമ വാർത്തകളുടെ അടിസ്ഥാനത്തിൽ സമഗ്രമായ അന്വേഷണം നടത്താൻ തയ്യാറാകുമോ;

മറുപടി: ഇത്തരത്തിലുള്ള ആക്ഷേപങ്ങളോ പരാതികളോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) അർഹരായ വിദ്യാർത്ഥികളെ തഴഞ്ഞ് സാമ്പത്തിക-സംഘടനാ താല്പര്യങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം അനധികൃതമായി നടത്തിയതായി പറയപ്പെടുന്ന ഇത്തരം പ്രവേശന നടപടികൾ അടിയന്തരമായി റദ്ദാക്കുന്നതിനും ഇതിന് കൂട്ടുനിന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ?

മറുപടി: ഇത്തരം പ്രവേശന നടപടികൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ